# Athmaraksha.org

രക്ഷയുടെ വഴികൾ

## തകർച്ചകൾ ദൈവം നന്മയ്ക്കായി മാറ്റുന്നു




നിമിഷനേരത്തേക്കു നിന്നെ ഞാൻ ഉപേക്ഷിച്ചു. മഹാകരുണയോടെ നിന്നെ ഞാൻ തിരിച്ചുവിളിക്കും. കോപാധിക്യത്താൽ ക്ഷണനേരത്തേക്കു ഞാൻ എന്റെ മുഖം നിന്നിൽനിന്നു മറച്ചുവച്ചു; എന്നാൽ അനന്തമായ സ്നേഹത്തോടെ നിന്നോടു ഞാൻ കരുണകാണിക്കും എന്ന് നിന്റെ വിമോചകനായ കർത്താവ് അരുളിച്ചെയ്യുന്നു. വിളിക്കുംമുൻപേ ഞാൻ അവർക്ക് ഉത്തരമരുളും, പ്രാർഥിച്ചുതീരുംമുൻപേ ഞാൻ അതു കേൾക്കും (ഏശയ്യാ 54:7).

അനർഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക; ഞാൻ നിന്നെ മോചിപ്പിക്കും; നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും. അവിടുന്നു ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും അവരുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു (സങ്കീർത്തനങ്ങൾ 50:15).

ദൈവത്തിൽ നിന്ന് അകലാൻ കാണിച്ചതിന്റെ പത്തിരട്ടി തീക്ഷ്ണതയോടെ തിരിച്ചുവന്ന് അവിടുത്തെ തേടുവിൻ. എന്തെന്നാൽ, നിങ്ങളുടെമേൽ ഈ അനർഥങ്ങൾ വരുത്തിയവൻ തന്നെ നിങ്ങൾക്കു രക്ഷയും നിത്യാനന്ദവും നൽകും (ബാറൂക്ക് 4:28-29)
.
ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ, നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ് (1 പത്രോസ് 5:6).

തന്റെ നിത്യമഹത്വത്തിലേക്കു ക്രിസ്തുവിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അൽപകാലത്തെ സഹനത്തിനുശേഷം പൂർണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും (1 പത്രോസ് 5:10).

പ്രത്യാശയുടെ തടവുകാരേ, നിങ്ങളുടെ രക്ഷാദുർഗത്തിലേക്കു മടങ്ങിപ്പോകുവിൻ. നിങ്ങൾക്ക് ഇരട്ടി മടക്കിത്തരുമെന്നു ഞാൻ പ്രഖ്യാപിക്കുന്നു (സഖറിയാ 9:12).